# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 187</u>**

**<u>08.03.2017 ലെ മറുപടിക്ക്</u>**

**ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.ബാബു<br>ശ്രീ. കെ.ദാസൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ.ആൻസലൻ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23.2.2017 ന് നടത്തുകയുണ്ടായി. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യവും എളുപ്പവുമാക്കാൻ ഈ സംവിധാനം എപ്രകാരമെല്ലാം സഹായിക്കും എന്നു വ്യക്തമാക്കാമോ; | വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് സംയോജിത മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) ഉദ്ദേശ്യം. IFMS നടപ്പിലാക്കുന്നതിന് ട്രഷറികളിൽ കോർബാങ്കിങ് സംവിധാനം ആവശ്യമാണ്. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ്സ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS ലൂടെ കൈവരിച്ചിട്ടുള്ളത്. കോർബാങ്കിങ് സംവിധാനത്തിന്റെ പ്രധാന നേട്ടങ്ങൾ 1) ഏത് ട്രഷറിയിൽ നിന്നും റ്റി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നു. 2) ഏത് ട്രഷറി മുഖേനയും ട്രഷറി സേവിങ്സ് ബാങ്കിലേക്ക് പണം നിക്ഷേപിക്കാനുള്ള സൗകര്യം എന്നിവയാണ്. കൂടാതെ വിവിധ യൂട്ടിലിറ്റി പേയ്മെന്റുകൾക്കുള്ള സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്. |

| | | |
|---|---|---|
| (സി) | ഇതിനായി ജീവനക്കാർക്ക് പ്രത്യേക യൂസർനെയിമും പാസ്സ് വേർഡും നൽകിയിട്ടുണ്ടോ; | ട്രഷറി വകുപ്പിലെ സാമ്പത്തിക ഇടപാടുകൾ നടത്താൻ നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാർക്കും പ്രത്യേകം യൂസർ നെയിമും പാസ്സ് വേർഡും നൽകിയിട്ടുണ്ട്. ഇത് ഇടപാടുകളുടെ സുരക്ഷിതത്വം മുൻനിർത്തിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഓരോ ജീവനക്കാർക്കും അവരവരുടെ user ID യുടെ പാസ് വേഡ് മാറ്റുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഇത് ആ user id-യുടെ സ്വകാര്യത ഉറപ്പുവരുത്തുന്നു. |
| (ഡി) | ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കിയത് ആരാണെന്നും ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ? | കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ കേന്ദ്രസർക്കാരിന് കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) കേരള സ്റ്റേറ്റ് യൂണിറ്റാണ് തയ്യാറാക്കിയത്.<br><br>നാളിതുവരെ Rs.21,16,963/- (ഇരുപത്തി ഒന്ന് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) ചെലവ് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ